## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2258 — 06.10.2016-ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

**(എ)** സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺ ലൈനായി നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

**(ബി)** ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ഏതെല്ലാം തരം സേവനങ്ങളാണ് ഓൺലൈനായി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(എ) യും (ബി) യും

ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ പൊതുജനങ്ങൾക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട് പദ്ധതി'. എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിയ്ക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകിവരുന്നു.

സംയോജിത ഓൺലൈൻ പോക്കുവരവ്

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ

വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

<u>ഓൺലൈൻ ടാക്സ് പെയ്മെന്റ്</u>

റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. റവന്യൂ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട/പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റുതുകകളും സ്വഗൃഹത്തിലിരുന്നുതന്നെ കമ്പ്യൂട്ടറിന്റെയോ സ്മാർട്ട് ഫോണിന്റെയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിയ്ക്കുക.

| | |
|---|---|
| **(സി)** ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം ഏതെല്ലാം റവന്യൂ ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാനത്തെ എല്ലാ താലൂക്ക്, വില്ലേജ് ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ